# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3851** | **19/03/2018-ലെ മറുപടിക്ക്**

## <u>ശ്രീമതി ജോസിലിൻ.പി.ജോസഫിന്റെ നിയമനാംഗീകാരം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എൽ.പി/യു.പി സ്കൂൾ ടീച്ചറായ ശ്രീമതി ജോസിലിൻ.പി.ജോസഫിന്റെ നിയമനാംഗീകാരം സംബന്ധിച്ച് E3/76/2017 ഫയലിൽ സ്വീകരിച്ച വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (എ) ആലപ്പുഴ, മുഹമ്മ, മദർ തെരേസ ഹൈസ്കൂളിലെ എച്ച്.എസ്.എ (മലയാളം) അദ്ധ്യാപികയായ ശ്രീമതി. ജോസ്‌ലിൻ. പി. ജോസഫിന്റെ നിയമനാംഗീകാരം സംബന്ധിച്ച വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി ഇ-ഫയൽ നം. GEDN-E3/76/2017-G.EDN ആയി പരിശോധിക്കുകയും തുടർന്ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത വകുപ്പ് പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായം സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായത്തിനായി ഫയൽ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന് നൽകിയിരിക്കുകയാണ്. |
| (ബി) ഈ ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പ് E, J എന്നീ സീറ്റുകളിൽ എത്ര ദിവസമായി കൈവശം വച്ചിരിക്കുന്നു എന്നറിയിക്കാമോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) ശ്രീമതി. ജോസ്‌ലിൻ.പി.ജോസഫിന്റെ നിയമനാംഗീകാരം സംബന്ധിച്ച് കോർപ്പറേറ്റ് മാനേജരുടെ നിവേദനം 09/08/2016 തീയതിയിൽ പൊതു വിദ്യാഭ്യാസ (ഇ) വകുപ്പിൽ ലഭിച്ചത്, 19/01/2018 തീയതിയിൽ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായത്തിനായി നൽകി.<br>(1 വർഷവും 5 മാസവും 10 ദിവസവും) |

പ്രസ്തുത കാലയളവിൽ പൊതുവിദ്യാഭ്യാസ (ഇ) വകുപ്പിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

സി.എം.എസ് സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ 28/07/2016 തീയതി വച്ച നിവേദനം, 09/08/2016 തീയതിയിൽ പൊതുവിദ്യാഭ്യാസ (ഇ) വകുപ്പിൽ ലഭിച്ചു. പ്രസ്തുത വിഷയത്തിന്മേലുള്ള റിപ്പോർട്ട് സഹിതം പുന:സമർപ്പിക്കുവാൻ അപേക്ഷയും അനുബന്ധ രേഖകളും 30/08/2016 തീയതിയിലെ പുറത്തെഴുത്ത് നം. ഇ 3/219/16/ പൊ.വി. പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിരുന്നു. തുടർന്ന് 04/02/2017 തീയതിയിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും റിപ്പോർട്ട് ലഭ്യമായിയെങ്കിലും അപേക്ഷയുടെയും അനുബന്ധ രേഖകളുടെയും അസൽ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നില്ല. 14/02/2017 തീയതിയിലെ സർക്കാർ കത്ത് നം. 1190524/ഇ 3/17/പൊ.വി. പ്രകാരം ആയത് പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അസൽ അപേക്ഷയും അനുബന്ധവും 24/03/2017 തീയതിയിൽ സർക്കാരിൽ ലഭിച്ചു. തുടർന്ന് 09/05/2017 തീയതിയിൽ GEDN-E3/76/2017-G.EDN നമ്പർ ഫയൽ രൂപീകരിക്കുകയും വിഷയം പരിശോധിക്കുകയും സംരക്ഷിത അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുവാൻ ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരോട് 10/05/2017 തീയതിയിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 30/11/2017 തീയതിയിൽ സർക്കാരിൽ ലഭിക്കുകയും നിയമനാംഗീകാരം സംബന്ധിച്ച വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി

പരിശോധിക്കുകയും ആയതിന്മേലുള്ള അഭിപ്രായത്തിനായി 19/12/2017 തീയതിയിൽ ഫയൽ ധനകാര്യ വകുപ്പിന് അയയ്ക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വകുപ്പ് മേൽ വിഷയത്തിൽ പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായം സഹിതം പുന:സമർപ്പിക്കുവാൻ 18/01/2018 തീയതിയിൽ ആവശ്യപ്പെടുകയും ചെയ്തതിനെ തുടർന്ന് 19/01/2018 തീയതിയിൽ ഫയൽ അഭിപ്രായത്തിനായി പൊതു വിദ്യാഭ്യാസ (ജെ) വകുപ്പിന് നൽകി.

(ജെ) സെക്ഷനിൽ ഫയൽ എത്തിയിട്ട് 15/03/2018 ന് 55 ദിവസമായി. സെക്ഷനിലെ അമിത ജോലിഭാരം നിമിത്തമാണ് പ്രസ്തുത ഫയലിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടായത്. പ്രവണത ആവർത്തിക്കുവാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**